# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM13/1447/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 27/10/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM13/1447/21 തീയ്യതി: 27/10/2021

## മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-11-2019 മുതൽ 23-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-09-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 24-08-2021 | 13-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-08-2021 | 13-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റിഷിൽ.പി ഓഡിറ്റ് ഓഫീസർ
ശ്രീ.അബ്ദുൽ ഗഫൂർ.സി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മുഹമ്മദ് സിയാദ്.പി.പി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുജിത.പി.കെ., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക | തീയതി | തീയതി |
|---|---|---|---|

| | പദവി | (മുതൽ) | (വരെ) |
|---|---|---|---|
| ശ്രീമതി.ഹസീന | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ.മുഹമ്മദ് റിസ.എ),ശ്രീമതി.മുഹ്സിന,ശ്രീമതി.ആബിദ.പി (Ad.Com.) | പ്രസിഡന്റ് | 12-11-2020 | 30-11-2020 |
| ശ്രീമതി റംല കെ | പ്രസിഡന്റ് | 01-12-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഫ്ളോസിലാസ് | സെക്രട്ടറി | 01-04-2020 | 11-05-2020 |
| ശ്രീ.നന്ദനൻ.എൻ | അസിസ്റ്റന്റ് സെക്രട്ടറി(സെക്രട്ടറിയുടെ അധിക ചുമതല) | 12-05-2020 | 19-06-2020 |
| ശ്രീമതി.സബീനാ ബീവി.എസ് | ജൂനിയർ സൂപ്രണ്ട്( സെക്രട്ടറി അധിക ചുമതല) | 20-06-2020 | 23-06-2020 |
| ശ്രീ.മുഹമ്മദ് റിസ.എ) | സെക്രട്ടറി | 24-06-2020 | 11-03-2021 |
| ശ്രീ.നിഷാദ് എസ് | അസിസ്റ്റന്റ് സെക്രട്ടറി(സെക്രട്ടറിയുടെ അധിക ചുമതല | 12-03-2021 | 31-03-2021 |
| ശ്രീമതി.ആബിദ.പി | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.മുഹ്സിന .എം.കെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.പ്രസന്നകുമാരി.എസ്.എൻ | മെഡിക്കൽ ഓഫീസർ((ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീമതി.സിന്ധു സത്യൻ | വെറ്ററിനറിസർജൻ | 01-04-2020 | 31-03-2021 |
| ശ്രീ.നന്ദനൻ.എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 19-06-2020 |
| ശ്രീ.നിഷാദ് എസ് | അസിസ്റ്റന്റ് സെക്രട്ടറി | 20-06-2020 | 31-03-2021 |
| ഡോ. ടി എസ് പ്രവീൺ കുമാർ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.നാദിയ ഉമർ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| മനോജ് കുമാർ | ഡയറി ഡയറി എക്സ്.ഓഫീസർ | 01-04-2020 | 31-03-2021 |
| സോമൻ പി വി | വി.ഇ.ഒ | 01-04- | 31-03- |

| | | | |
|---|---|---|---|
| | | 2020 | 2021 |
| ശ്രീമതി സുമ | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീമതി.സഫിയ.ടി | ICDS സൂപ്രവൈസർ | 01-04-2020 | 10-02-2021 |
| ശ്രീമതി.അരുണിമ ടി.പി | ICDS സൂപ്രവൈസർ | 11-02-2021 | 31-03-2021 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rishil.P (Audit Officer, On 31-08-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 13-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Abdul.Gafoor.C (Asst. Audit Officer, On 30-08-2021)<br>Last Updated By: Unni.P (Deputy Director, On 16-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 30-08-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 30-08-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 30-08-2021)<br>Last Updated By: Unni.P (Deputy Director, On 06-10-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 31-08-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 12-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rishil.P (Audit Officer, On 31-08-2021)<br>Last Updated By: Rishil.P (Audit Officer, On 13-09-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 31-08-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 31-08-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sujitha.P.K (Auditor, On 31-08-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 10-09-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Rishil.P (Audit Officer, On 13-09-2021)<br>Last Updated By: Unni.P (Deputy Director, On 16-10-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 31-08-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 13-09-2021) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 31-08-2021)<br>Last Updated By: Unni.P (Deputy Director, On 16-10-2021) | 1-11 |
| 12 | പ്രിന്റർ ലഭ്യമായില്ല ചെലവ് തുക തടസ്സം ചെയ്യുന്നു<br>Written By: Abdul.Gafoor.C (Asst. Audit Officer, On 10-09-2021)<br>Last Updated By: Unni.P (Deputy Director, On 16-10-2021) | 1-12 |
| 13 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധന -അപാകതകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 13-09-2021)<br>Last Updated By: Unni.P (Deputy Director, On 06-10-2021) | 1-13 |
| 14 | പട്ടിക ജാതി വിഭാഗക്കാർക്ക് വാട്ടർ ടാങ്ക് വിതരണം-അപാകതകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 16-10-2021) | 1-14 |
| 15 | സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി - നഷ്ടം 7041 രൂപ<br>Written By: Rishil.P (Audit Officer, On 12-09-2021)<br>Last Updated By: Rishil.P (Audit Officer, On 12-09-2021) | 1-15 |
| 16 | മണ്ടകപറമ്പ് അംഗനവാടി പുനരുദ്ധാരണം<br>Written By: Rishil.P (Audit Officer, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 07-10-2021) | 1-15-1 |
| 17 | രാങ്ങാട്ടൂർ ഹെൽത്ത് സെന്റർ പുനരുദ്ധാരണം<br>Written By: Rishil.P (Audit Officer, On 12-09-2021)<br>Last Updated By: Rishil.P (Audit Officer, On 12-09-2021) | 1-15-2 |
| 18 | മന്ദാനിച്ചിറ തോടിന് സൈഡ് കെട്ടൽ പ്രവൃത്തി - ഓവർ ഹെഡ് ചാർജ് അധികം നൽകി - നഷ്ടം 7973 രൂപ | 1-16 |

| | | |
|---|---|---|
| | Written By: Rishil.P (Audit Officer, On 12-09-2021)<br>Last Updated By: Rishil.P (Audit Officer, On 13-09-2021) | |
| 19 | കുടിവെള്ള പദ്ധതി - GI പൈപ്പ് സ്ഥാപിക്കുന്നതിന് അധിക നിരക്ക് നൽകി - നഷ്ടം 22780 രൂപ.<br>Written By: Rishil.P (Audit Officer, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 16-10-2021) | 1-17 |
| 20 | ചെമ്പിക്കൽ കുടിവെള്ള പദ്ധതി - കരാറുകാരന് അധിക തുക നൽകി - നഷ്ടം 2083 രൂപ<br>Written By: Rishil.P (Audit Officer, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 07-10-2021) | 1-18 |
| 21 | മരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ<br>Written By: Rishil.P (Audit Officer, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 07-10-2021) | 1-19 |
| 22 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല<br>Written By: Rishil.P (Audit Officer, On 12-09-2021)<br>Last Updated By: Rishil.P (Audit Officer, On 12-09-2021) | 1-20 |
| 23 | പൊതു മരാമത്ത് പ്രവൃത്തികൾ- അവലോകനം<br>Written By: Rishil.P (Audit Officer, On 12-09-2021)<br>Last Updated By: Rishil.P (Audit Officer, On 12-09-2021) | 1-21 |
| 24 | സമഗ്ര നെൽകൃഷി വികസനം – പദ്ധതി അപാകതകൾ<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 10-09-2021)<br>Last Updated By: Unni.P (Deputy Director, On 16-10-2021) | 1-22 |
| 25 | വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടത്<br>Written By: Abdul.Gafoor.C (Asst. Audit Officer, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 16-10-2021) | 1-23 |
| 26 | കുടിവെള്ള വിതരണം തുക നൽകിയത് ആദായ നികുതി ഈടാക്കിയില്ല.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 16-10-2021) | 1-24 |
| 27 | ഭിന്നശേഷിക്കാർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ:പദ്ധതി അപാകത<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 16-10-2021) | 1-25 |
| 28 | മരുന്നുകൾ മുഴുവൻ ലഭ്യമായില്ല<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 16-10-2021) | 1-26 |
| 29 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയില്ല - പമ്പ് ഓപ്പറേറ്റർ,വൈദ്യുതി ചാർജ്ജ്,മെയിന്റനൻസ് ചാർജ്ജിനത്തിൽ വൻ ബാധ്യത<br>Written By: Abdul.Gafoor.C (Asst. Audit Officer, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 16-10-2021) | 1-27 |
| 30 | പമ്പ് ഓപ്പറേറ്റർ വേതനം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 12-09-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 12-09-2021) | 1-27-1 |
| 31 | വൈദ്യുതി ചാർജ്ജ്<br>Written By: Abdul.Gafoor.C (Asst. Audit Officer, On 12-09-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 12-09-2021) | 1-27-2 |
| 32 | മെയിന്റനൻസ്<br>Written By: Abdul.Gafoor.C (Asst. Audit Officer, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 16-10-2021) | 1-27-3 |
| 33 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ<br>Written By: Sujitha.P.K (Auditor, On 12-09-2021)<br>Last Updated By: Sujitha.P.K (Auditor, On 13-09-2021) | 1-28 |
| 34 | ഷോപ്പിംഗ് കോംപ്ലക്സ് റൂമുകൾ, ബങ്കുകൾ-വാടക പിരിവിലെ അപാകത<br>Written By: Sujitha.P.K (Auditor, On 12-09-2021)<br>Last Updated By: Sujitha.P.K (Auditor, On 13-09-2021) | 1-29 |
| 35 | വാടക അടവാക്കിയിട്ടില്ല<br>Written By: Sujitha.P.K (Auditor, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 16-10-2021) | 1-29-1 |

| | | |
|---|---|---|
| 36 | ബൈലോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Sujitha.P.K (Auditor, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 16-10-2021) | 1-29-2 |
| 37 | മുഴുവൻ കരാറുകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Sujitha.P.K (Auditor, On 12-09-2021)<br>Last Updated By: Sujitha.P.K (Auditor, On 13-09-2021) | 1-29-3 |
| 38 | മുഴുവൻ ബങ്കുകളും ലൈസൻസ് എടുത്തിട്ടില്ല<br>Written By: Sujitha.P.K (Auditor, On 13-09-2021)<br>Last Updated By: Unni.P (Deputy Director, On 07-10-2021) | 1-29-4 |
| 39 | വാടക ഒടുക്കുന്നതിൽ സമയക്രമം പാലിക്കുന്നില്ല.<br>Written By: Sujitha.P.K (Auditor, On 13-09-2021)<br>Last Updated By: Sujitha.P.K (Auditor, On 13-09-2021) | 1-29-5 |
| 40 | ദുരിതാശ്വാസനിധി രൂപീകരിച്ചില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 13-09-2021)<br>Last Updated By: Unni.P (Deputy Director, On 16-10-2021) | 1-30 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി - നഷ്ടം 7041 രൂപ<br>Written By: Rishil.P (Audit Officer, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 07-10-2021) | 3-1 |
| 2 | മന്ദാനിച്ചിറ തോടിന് സൈഡ് കെട്ടൽ പ്രവൃത്തി - ഓവർ ഹെഡ് ചാർജ് അധികം നൽകി - നഷ്ടം 7973 രൂപ<br>Written By: Rishil.P (Audit Officer, On 12-09-2021)<br>Last Updated By: Rishil.P (Audit Officer, On 13-09-2021) | 3-2 |
| 3 | കുടിവെള്ള പദ്ധതി - GI പൈപ്പ് സ്ഥാപിക്കുന്നതിന് അധിക നിരക്ക് നൽകി - നഷ്ടം 22780 രൂപ.<br>Written By: Rishil.P (Audit Officer, On 12-09-2021)<br>Last Updated By: Unni.P (Deputy Director, On 07-10-2021) | 3-3 |
| 4 | ചെമ്പിക്കൽ കുടിവെള്ള പദ്ധതി - കരാറുകാരന് അധിക തുക നൽകി - നഷ്ടം 2083 രൂപ<br>Written By: Rishil.P (Audit Officer, On 12-09-2021)<br>Last Updated By: Rishil.P (Audit Officer, On 12-09-2021) | 3-4 |
| 5 | പട്ടിക ജാതി വിഭാഗക്കാർക്ക് വാട്ടർ ടാങ്ക് വിതരണം- അപാകതകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 13-09-2021)<br>Last Updated By: Unni.P (Deputy Director, On 16-10-2021) | 3-5 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 31-08-2021)<br>Last Updated By: Unni.P (Deputy Director, On 16-10-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 31-08-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 31-08-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 13-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 31-08-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 31-08-2021) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Abdul.Gafoor.C (Asst. Audit Officer, On 31-08-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 12-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 31-08-2021) | 4-6 |

| | | |
|---|---|---|
| | Last Updated By: Rishil.P (Audit Officer, On 13-09-2021) | |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Abdul.Gafoor.C (Asst. Audit Officer, On 31-08-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 13-09-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 31-08-2021)<br>Last Updated By: Unni.P (Deputy Director, On 16-10-2021) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 31-08-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 31-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 31-08-2021)<br>Last Updated By: Unni.P (Deputy Director, On 16-10-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 31-08-2021)<br>Last Updated By: Unni.P (Deputy Director, On 16-10-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

| 2020-21 ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/ തിയതി | പുതുക്കിയ തീരുമാന നമ്പർ/ തിയതി |
|---|---|
| 1/22.02.2020 | പുതുക്കിയിട്ടില്ല |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 28.06.21 | ---- | ----- |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | 2020-21 |
|---|---|
| മുന്നിരിപ്പ് | 33038484 |
| വരവ് | 110657439 |
| ആകെ | 143695923 |
| ചെലവ് | 117289106 |
| നീക്കിയിരിപ്പ് | 26406817 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 20265667 | 20265667 | 18859534 | 1406133 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 11936824 | 11936824 | 6413849 | 5522975 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 1343000 | 1343000 | 1333468 | 9532 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 6209553 | 6209553 | 5864893 | 344460 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 16936751 | 16936751 | 15197523 | 1739228 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 8420000 | 8420000 | 3533661 | 4886339 |
| ബി ഫണ്ട് | 0 | 152857420 | 152857420 | 152857420 | 0 |
| സാക്ഷരത | 28522 | 784 | 29306 | 0 | 29306 |
| ശുചിത്വ മിഷൻ | 2487626 | 4035674 | 6523000 | 2318503 | 4204797 |
| കുടുംബശ്രീ | 475100 | 905548 | 1380648 | 892081 | 488567 |

| | | | | | |
|---|---|---|---|---|---|
| ജല നിധി | 23015911 | 7025765 | 30041676 | 4610325 | 25431351 |
| വിമുക്തി | 21755 | 0 | 21755 | 0 | 21755 |
| ലൈഫ് | | 4060000 | 4060000 | 1500000 | 2560000 |
| എം.ജി.എൻആർ.ഇ.ജി.എസ് | 543979 | 20531795 | 201075774 | 201073910 | 1864 |
| സർവ്വ ശിക്ഷ അഭിയാൻ | 75611 | 0 | 75611 | 0 | 75611 |
| എെ.സി.ഡി.എസ് | 3691323 | 2987801 | 6679124 | 3625372 | 3053752 |
| ടോട്ടൽ സാനിറ്റേഷൻ | 1479166 | 230000 | 1709166 | 1297000 | 412166 |
| പൈക്ക | 200990 | 5523 | 206513 | 0 | 206513 |

കുറിപ്പ് :- സാക്ഷരത,പൈക്ക എന്നീ അക്കൗണ്ടുകളിൽ മുൻബാക്കിയുടെ കൂടെ മുൻവർഷങ്ങളിൽ ചേർക്കാൻ വിട്ട് പോയ Prior Period Income യഥാക്രമം 948,6401 എന്നിവ ഉൾപ്പെട്ടിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 352 | 119594468 | 256 | 69865427 | - | 96 | 72.72% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 543979 | 1174427 | 1718406 | 1716542 | 1864 |
| സ്റ്റേറ്റ് ഷെയർ | 0 | 99000 | 99000 | 99000 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 19537706 | 19537706 | 19537706 | 0 |
| ആകെ | 543979 | 20811133 | 21355112 | 21353248 | 1864 |

കുറിപ്പ്- തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ഇത് വാർഷിക കണക്കിന്റെ അപാകതയായി ഖ.1-11 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 720 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 2656800 | 210 |
| വിധവ പെൻഷൻ | 26604100 | 1882 |
| വാർദ്ധക്യകാല പെൻഷൻ | 38511900 | 3092 |
| വികലാംഗപെൻഷൻ | 83945400 | 499 |
| വിവാഹധനസഹായം | 150000 | 5 |
| 50 വയസ്സിനു മുകളിൽ അവിവാഹിത പെൻഷൻ | 888500 | 67 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.9.21 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21699 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമല്ല. ISO സർട്ടിഫിക്കേഷൻ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് വേളയിൽ പല ഫയലുകളും ആവർത്തിച്ച് ആവശ്യപ്പെട്ടതിനു ശേഷവും, ഓഡിറ്റ് അന്വേഷണം മുഖേനയുമാണ് ലഭ്യമായിട്ടുള്ളത്. മാസ്റ്റർ ഇങ്കംബൻസി രജിസ്റ്റർ കാലികമല്ല.

വാർഷിക കണക്കിൽ വൻ തുക Prior Period Expenditure ആയി ഉൾക്കൊള്ളിച്ചിരിക്കുന്നു. ആയത് പൊരുത്തപ്പെടുത്തുന്നതിന് ആധികാരികമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ജല നിധിയുടെ കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ലേല നടപടി ക്രമങ്ങളിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ലേല കുടിശ്ശിക തുകകൾ പിരിച്ചെടുന്നതിൽ വീഴ്ച വന്നു. ലേല രജിസ്റ്റർ അപൂർണ്ണമാണ്.

കുടിവെള്ള പദ്ധതികൾക്ക് വേണ്ടി അറ്റകുറ്റ പണികൾ, ഇലക്ട്രിസിറ്റി ചാർജ്ജ്, പമ്പ് ഓപ്പറേറ്റർ വേതനം എന്നീ ഇനങ്ങളിലായി ലക്ഷക്കണക്കിന് രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിന് സർക്കാർ ഉത്തരവുള്ളതാണ്. കേരള സംസ്ഥാന ഓഡിറ്റ് കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിൽ മുൻ വർഷങ്ങളിൽ ഓഡിറ്റ് നടത്തി പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതും ചെലവുകൾ ഗ്രാമ പഞ്ചായത്ത് വഹിച്ചുകൊണ്ടിരിക്കുന്നതുമായ കുടിവെള്ള പദ്ധതികൾ എത്രയും വേഗം ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിന് നിർദ്ദേശിച്ചതാണ്. എന്നാൽ നാളിതുവരെ ആയത് പാലിക്കപ്പെട്ടിട്ടില്ല. കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല എന്നത് ഭരണ സമിതിയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഗ്രാമ പഞ്ചായത്തിന്റെ മിനട്സ് ബുക്ക് പരിശോധിച്ചതിൽ നിന്നും കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിന് പല തവണയായി തീരുമാനങ്ങൾ എടുത്തിട്ടുണ്ടെങ്കിലും ആയത് പ്രാവർത്തികമാക്കിയിട്ടില്ല. നിലവിൽ എത്ര കുടിവെള്ള പദ്ധതികൾ പ്രവർത്തന ക്ഷമമാണ്, പ്രവർത്തന ക്ഷമമല്ല എന്നതിന്റെ കൃത്യമായ കണക്കുപോലും ഗ്രാമ പഞ്ചായത്തിലില്ല. കുടിവെള്ള പദ്ധതികളുടെ പേര് വിവരം പ്രതിപാദിക്കുന്ന രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ഇലക്ട്രിസിറ്റി ചാർജ്ജ് രജിസ്റ്ററിൽ കുടിവെള്ള പദ്ധതികളുടെ പേര് രേഖപ്പെടുത്താതെ കൺസ്യൂമർ നമ്പർ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ലക്ഷക്കണക്കിന് രൂപ എല്ലാ വർഷവും മേൽ ചെലവുകൾക്ക് വേണ്ടി വിനിയോഗിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ പ്ലാൻ ഫണ്ടിൽ നിന്നും പദ്ധതികളുടെ അറ്റകുറ്റ പണികൾക്ക് വേണ്ടി പ്രോജക്ടുകൾ വച്ച് പണം ചെലവഴിക്കുന്നു. കുടിവെള്ള പദ്ധതികൾ യഥാസമയങ്ങളിൽ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിരുന്നെങ്കിൽ ഇതിന് വേണ്ടി ചെലവഴിക്കുന്ന പണം മറ്റ് മേഖലകളിൽ വിനിയോഗിക്കാമായിരുന്നു. ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്തു നടത്തുന്ന കുടിവെള്ള പദ്ധതികൾക്ക് പുറമെ ജലനിധിയുടെ ജലവിതരണവും ഗ്രാമ പഞ്ചായത്തിൽ ഉണ്ട്. അതുകൊണ്ട് തന്നെ കുടിവെള്ള വിതരണത്തിൽ ഗ്രാമ പഞ്ചായത്തിലെ വിവിധ ജനവിഭാഗങ്ങളോട് വ്യത്യസ്ത സമീപനമാണ് സ്വീകരിച്ചുവരുന്നത്. ജലനിധി പദ്ധതിയുടെ ഗുണഭോക്താക്കൾ വെള്ളത്തിന് വേണ്ടി പണം കൊടുക്കുകയും അതേ സമയം ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്തു നടത്തുന്ന കുടിവെള്ള പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് സൗജന്യമായി വെള്ളം ലഭിക്കുന്ന അവസ്ഥയുമാണുള്ളത്. (കുടിവെള്ള പദ്ധതികൾ സംബന്ധിച്ച പ്രത്യേക ഖണ്ഡിക ഈ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്).

ഗ്രാമ പഞ്ചായത്തിൽ 40 ബങ്കുകൾ മുൻവർഷങ്ങളിലായി ലേലം ചെയ്തിട്ടുണ്ട്. ബങ്കുകളുമായി ബന്ധപ്പെട്ട എല്ലാ കരാറുകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. 15 ബങ്കുകളുടെ കരാർ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ഹജരാക്കിയ കരാറുകളിൽ തന്നെ ഭാഗികമായി പൂരിപ്പിച്ചതും കരാർ ചമക്കാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പ് വെക്കാത്തതുമാണ്. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബങ്ക് കടകൾ ലേലം ചെയ്ത് നൽകുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഉൾപ്പെട്ട ബൈലോ പരിശോധനക്ക് ലഭ്യമായിട്ടില്ല . ബങ്കുകൾ 5% വാർഷിക വർദ്ധനവ് വരുത്തി മുൻപ് ലേലം കൊണ്ടവർ തന്നെ കൈവശം വച്ചിരിക്കുന്നു. നിശ്ചിത ഇടവേളകളിൽ ബങ്കുകൾ പുനർ ലേലം നടത്തി ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. മിക്ക ബങ്കുകളും 3000 രൂപയിൽ കുറഞ്ഞ നിരക്കിലാണ് വാടകക്ക് നൽകിയിട്ടുള്ളത്.

മേൽ വിഷയങ്ങളിൽമേൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.1.20 | 12/19 വരെ | ലഭ്യമല്ല |
| അകൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.12.2012 | 2007-08 മുതൽ 2011-12 വരെ | 10.12.2012 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

2020-21സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ടസ് റൂൾസ് ചട്ടം 57& 58 മുഴുവനായും പാലിച്ചിട്ടില്ല.(ബ്രാങ്ക് ബുക്കുകൾ ,റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവവർഷാവസാനം സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും എല്ലാമാസവും സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.)

2.വികസന ഫണ്ട് ,ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവ ACR,AFS എന്നിവയിൽ താഴെ പറയും പ്രകാരം വ്യത്യാസ പ്പെട്ടിരിക്കുന്നു. ACR പ്രകാരമുള്ള ചെലവല്ല എ.എഫ്.എസിൽ വരവായി ചേർത്തിട്ടുള്ളത്.

| ക്രമ നം | ഇനം | AFS പ്രകാം | ACR പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| 1 | വികസന ഫണ്ട് | 18983051 | 18859534 | 123517 |
| 2 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 15422523 | 15197523 | 225000 |

3.AFS B-15 പ്രകാരം Bus Stand Receipt Arrear ആയി 127825 രൂപയുണ്ട്.എന്നാൽ രജിസ്റ്ററിൽ വിശദാംശം രേഖപ്പെടുത്തിയിട്ടിയില്ല.
.

4.ഇൻവെസ്റ്റ്മെന്റ് 55000 രൂപ ഉണ്ടെങ്കിലും രസീത് /രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയില്ല.

5. വസ്തു നികുതി വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.
6.Income & Expenditure 1-18 പ്രകാരം Prior Period Income -Other Income എന്നതിൽ 7182504 രൂപ കുറവ് വരുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.
7.MGNREGS യഥാർത്ഥ വരവ് Cash Book / Financial Proforma Report പ്രകാരം 20531795ആണ് .എന്നാൽ Income And Expenditure പ്രകാരം 17200199ആണ്.

## 1-12 പ്രിന്റർ ലഭ്യമായില്ല ചെലവ് തുക തടസ്സം ചെയ്യുന്നു

2020-21-ൽ ഹെഡ് മിസ്ട്രസ് നിർവ്വഹണം നടത്തിയ സമഗ്ര വിദ്യാഭ്യാസ പരിപോഷണ പരിപാടി (ജനറൽ) (പ്രോജക്ട് നം.159/20-21)പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂളുകൾക്ക് 7 പ്രിന്റർ വാങ്ങുന്നതിനായി 103957 രൂപ വികസന ഫണ്ടിൽ നിന്ന് കെൽട്രോണിന് Proforma Invoice No.TVM/ITBG/P1/RC/15001/19-20 Dt.4.2.20 പ്രകാരം നൽകിയിട്ടുണ്ട്.(ബിൽ നം.4/21.4.20) എന്നാൽ നാളിതുവരെയും പ്രിന്റർ ലഭ്യമായിട്ടില്ല.പ്രിന്റർ ലഭ്യമാകാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.1/24.8.21 ന് Covid 19 കാരണം കെൽട്രോൺ പ്രിന്ററിന്റെ വിതരണം നിർത്തിവെച്ചിരിക്കുകയാണെന്നും തുക തിരികെ ലഭ്യമാകാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി.തുക തിരികെ ലഭ്യമാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-13 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധന -അപാകതകൾ

2020-21 ലെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ വിവിധപദ്ധതികൾക്കായി Source Deduction ആയി കുറവ് ചെയ്ത 3405333 രൂപ ഗ്രാന്റ് സ്റ്റേറ്റ് മെന്റിൽ വരവായി ഉൾപ്പെട്ടിട്ടില്ല. എന്നാൽ താഴെപ്പറയുന്ന പദ്ധതികൾക്ക് ചെലവായി കണിക്കുകയും ചെയ്തു. വരവ് കാണിക്കാതെ ചെലവ് കാണിച്ചതിനാൽ നീക്കിയിരിപ്പ് മൈനസ് ബാലൻസായി. 1999200രൂപ മൈനസ് ബാലൻസായാണ് നീക്കിയിരിപ്പ് കാണുന്നത്.

| ക്രമ നം | പ്രൊജക്ട് നം | പദ്ധതി | തുക |
|---|---|---|---|
| 1 | 378/21 | അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം | 730000 |
| 2 | 379/21 | അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം | 730000 |
| 3 | 380/21 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ്(ജനറൽ) | 593000 |
| 4 | 382/21 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ്(എസ്.സി.പി) | 730000 |
| 5 | 383/21 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ്(ജനറൽ) | 622333 |

## 1-14 പട്ടിക ജാതി വിഭാഗക്കാർക്ക് വാട്ടർ ടാങ്ക് വിതരണം-അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി 20-21-ൽ നിർവ്വഹണം നടത്തിയ പട്ടിക ജാതി വിഭാഗക്കാർക്ക് വാട്ടർ ടാങ്ക് വിതരണം (പ്രൊജക്ട് നം.154/21)( 2019-20 സപിൽ ഓവർ പ്രൊജക്ട്)എന്ന പദ്ധതിക്കായി 100 വാട്ടർ ടാങ്ക് വാങ്ങിയതിന് 234000 രൂപ (2340x 100)വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് BS GST Agencis Kuttippuram എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

| ക്രമ നം | ബിൽ നം./തിയ്യതി | തുക |
|---|---|---|
| 1 | 2015085203380034099/11.4.20 | 70200 |
| 2 | 2015085203380034097/11.4.20 | 163800 |
| | ആകെ | 234000 |

പദ്ധതി പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. സർക്കാർ ഉത്തരവ്(കൈ) നം.22/2018/ത.സ്വ.ഭ.വ തി.14.2.18 ഖണ്ഡിക 6.6 ക്രമ നം.5 പ്രകാരം 75 % സബ്സിഡി (പരമാവധി 3000)

രൂപയാണ് നൽകാവുന്നതെന്നും 25% ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടവാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പ്രകാരം 100 വാട്ടർ ടാങ്കിന് 2340 ന്റെ 75 % തുക 1755 X100=175500 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിക്കേണ്ടതിന് പകരം 234000 രൂപ പിൻവലിച്ചിട്ടുണ്ട്.

2. 92 പേരിൽ നിന്നായി 585 രൂപ ഗുണഭോക്തൃ വിഹിതം പിരിച്ച് തനത് ഫണ്ടിൽ സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്.

3. 100 വാട്ടർ ടാങ്ക് വാങ്ങിയിട്ടുണ്ടെങ്കിലും 94എണ്ണം മാത്രമാണ് വിതരണം ചെയ്തതായി കൈപ്പറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

4. ശ്രീമതി വള്ളി പാൽകുഴി പറമ്പിൽ (ഗുണഭോക്തൃ ലിസ്റ്റ് ക്രമ നം.2),കൃഷ്ണൻ അത്താണിപറമ്പിൽ (ക്രമ നം. 116)എന്നിവരിൽ നിന്ന് ഗുണഭോക്തൃ വിഹിതം ഈടാക്കിയതായി കണുന്നില്ല.

8 പേർക്കായി വികസന ഫണ്ടിൽ നിന്നും അധികം പിൻവലിച്ച തുക 4680(8x585) രൂപയും, വിതരണം ചെയ്യാത്ത 6 ടാങ്കിന്റെ സബ്സിഡി തുക 10530 (1755 X6) രൂപയും അടക്കം 15210 ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഗുണഭോക്തൃ വിഹിതമായി തനത് ഫണ്ടിൽ സൂക്ഷിച്ച തുക കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതും ,വിതരണം ചെയ്യാത്ത ടാങ്കിന്റെ വില ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുകയോ ഗുണഭോക്തൃ വിഹിതം ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി ബന്ധപ്പെട്ട ടാങ്കുകൾ വിതരണം ചെയ്യുകയോ ചെയ്യേണ്ടതാണ്.

(മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം തി.14/6.9.21 ന് ഈടാക്കിയ ഗുണഭോക്തൃ വിഹിതം തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണെന്നും 4 ടാങ്കുകൾ വിതരണം ചെയ്തിട്ടില്ലെന്നും മറുപടി ലഭ്യമാക്കി.). എന്നാൽ ടാങ്ക് വിതരണം ചെയ്തതിന്റെ കൈപ്പറ്റ് പരിശോധിച്ചതിൽ 94 എണ്ണം മാത്രമാണ് വിതരണം ചയ്തിട്ടുള്ളത്.

## 1-15 സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി - നഷ്ടം 7041 രൂപ

താഴെ പറയുന്ന പ്രവൃത്തികളിൽ കെട്ടിടങ്ങൾക്ക് മുൻവശത്ത് മേൽക്കൂര നിർമ്മിച്ചപ്പോൾ സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള DAR 50.10.1 കോഡ് പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തികളിൽ ചെയ്തിട്ടുള്ളത് സിംഗിൾ സെക്ഷൻ പ്രവൃത്തിയാണെന്ന് 9.9.21 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ ബോധ്യപ്പെട്ടു. സിംഗിൾ സെക്ഷൻ പ്രവൃത്തികൾക്ക് അനുവദിക്കാവുന്നത് DAR 50.10.2 കോഡ് പ്രകാരമുള്ള നിരക്കാണ്. പ്രവൃത്തികളിൽ അധിക നിരക്ക് നൽകിയതിനാൽ കരാറുകാർക്ക് അധിക തുക നൽകാനിടയായി. വിശദ വിവരം ചുവടെ

### 1-15-1 മണ്ടകപറമ്പ് അംഗനവാടി പുനരുദ്ധാരണം

| പ്രവൃത്തി | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|
| മണ്ടകപറമ്പ് അംഗനവാടി പുനരുദ്ധാരണം<br>പ്രോജക്റ്റ് നം - SO329/21<br>ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR)<br>എം. ബുക്ക് - 138/20-21<br>കരാർ - 128/27.10.20 (Tender Below 2.7%)<br>മൂല്യനിർണ്ണയം - 78116<br>ബിൽ - 24/30.3.21<br>കരാറുകാരൻ -P.മുഹമ്മദ് ബഷീർ<br>Cost Index -31.06% (DAR 2016)<br>TS-90000 | 102.18 Kg X 131.26/Kg = 13412.15<br>(അളവ് പുസ്തകം ഇനം 2) | 102.18 Kg X 106.88/Kg = 10920.99 | 2424<br>(2.7% ടെണ്ടർ കുറവ് ചെയ്തതിന് ശേഷമുള്ള തുക) |

### 1-15-2 രാങ്ങാട്ടൂർ ഹെൽത്ത് സെന്റർ പുനരുദ്ധാരണം

| | | | |
|---|---|---|---|
| രാങ്ങാട്ടൂർ ഹെൽത്ത് സെന്റർ പുനരുദ്ധാരണം<br>പ്രോജക്റ്റ് നം - 324/21<br>ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR)<br>എം. ബുക്ക് - 122/20-21<br>കരാർ - 108/20.10.20 (0.05% ടെണ്ടർ | 189.483 Kg X 131.26/Kg = 24871.54<br>(അളവ് പുസ്തകം ഇനം 13) | 189.483 Kg X 106.88/Kg = 20251.94 | 4617<br>(4619.60-0.05%) |

| | | | |
|---|---|---|---|
| [illegible]<br>കുറവ്)<br>മൂല്യനിർണ്ണയം - 237542<br>ബിൽ - 18/29.3.21<br>കരാറുകാരൻ -K.ശ്രീജിത്ത്<br>Cost Index -31.06% (DAR 2016)<br>TS-240000 | | | |

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( AUDIT ENQUIRY No. 36 / 10.9.21) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിൽ അധികം നൽകിയ 7041രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-16 മന്ദാനിച്ചിറ തോടിന് സൈഡ് കെട്ടൽ പ്രവൃത്തി - ഓവർ ഹെഡ് ചാർജ് അധികം നൽകി - നഷ്ടം 7973 രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മന്ദാനിച്ചിറ തോടിന് സൈഡ് കെട്ടൽ ( SO171/21) എന്ന പ്രവൃത്തിക്ക് റോഡ് പ്രവൃത്തികൾക്ക് ബാധകമായ 10% ഓവർ ഹെഡ് ചാർജ് നൽകി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തി റോഡ് നിർമ്മാണ പ്രവൃത്തിയോ അതുമായി ബന്ധമുള്ള പ്രവൃത്തിയോ അല്ലാത്തതിനാൽ 5% ഓവർ ഹെഡ് ചാർജ് നൽകി DSR പ്രകാരമുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കേണ്ടിയിരുന്നത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| മന്ദാനിച്ചിറ തോടിന് സൈഡ് കെട്ടൽ ( SO171/21)<br>ഫണ്ട് - CFC (Tied)<br>ബിൽ 2/7.9.20 തുക 183963<br>മൂല്യ നിർണ്ണയം - 183963<br>അളവ് പുസ്തകം - 61/20-21<br>കരാറുകാരൻ ശ്രീ.PP.അബ്ദുൾ കരീം<br>കരാർ - 48/31.1.20 (Estimate Rate)<br>TS – 250000<br>Estimate No.-2019/101575<br>കോസ്റ്റ് ഇൻഡക്സ് 31.06% | 3.5.1<br>1.എർത്ത് വർക്ക് എസ്കവേഷൻ<br>$12.773m^3$ | 2918.89<br>@228.52/$M^3$ | 2785.53<br>@218.08/$M^3$<br>(DSR 2.8.1) | 133.36 |
| | 2.ഡ്രൈറബ്ബിൾ മേസനറി<br>$54.993m^3$ | 144107.51<br>@2620.47/$M^3$ | 138331.04<br>@2515.43/$M^3$ | 5776.47 |
| | 3.സിമന്റ് കോൺക്രീറ്റ് (1:2:4)<br>$1.919m^3$<br>സെന്ററിംഗ് ഷട്ടറിംഗ്<br>$3.84m^2$ | 15048.95<br>@7842.08/$M^3$<br>--- | 12108.77<br>@6309.94/$M^3$<br>(DSR 4.1.6)<br>976.08<br>@254.19/$M^2$<br>(DSR 4.3.1) | 1964.10 |
| | 4. Name Board | 2178 | 2079 | 99 |
| ആകെ | | | | 7973 |

കരാറുകാരന് അധികം നൽകിയത് 7973 രൂപ.

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 35 / 10.9.21 (2020-21)) മറുപടി ലഭ്യമാക്കിയിട്ടില്ല. തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കി ഗ്രാമ പഞ്ചായത്തിന് അധിക ചെലവ് വരുത്തിയത് മൂലമുണ്ടായ നഷ്ടം 7973 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 1-17 കുടിവെള്ള പദ്ധതി - GI പൈപ്പ് സ്ഥാപിക്കുന്നതിന് അധിക നിരക്ക് നൽകി - നഷ്ടം 22780 രൂപ.

താഴെ പറയുന്ന പ്രവൃത്തികളുടെ (കുടിവെള്ള പദ്ധതികൾ) എസ്റ്റിമേറ്റിൽ പമ്പിംഗ് മെയിൻ, ഡിസ്ട്രിബ്യൂഷൻ ലൈൻ എന്നിവക്ക് വേണ്ടി GIപൈപ്പ് സ്ഥാപിക്കുന്നതിന് ട്രഞ്ചിംഗ് & റിഫില്ലിംഗ് ഉൾപ്പെടെയുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ഇത് പ്രകാരം കരാറുകാർക്ക് തുക അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തികളിൽ ട്രഞ്ചിംഗ് & റിഫില്ലിംഗ് നടത്താതെയാണ് GI പൈപ്പ് വിരിച്ചിട്ടുള്ളത് എന്ന് 9.9.21 ൽ അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ

നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. ചെയ്യാത്ത് പ്രവൃത്തിക്കും കൂടി തുക അനുവദിച്ചതിലൂടെ കരാറുകാർക്ക് അധികം തുക നൽകാനിടയായി. പ്രവൃത്തികളിൽ ഭൗമോപരിതലത്തിലൂടെ GI പൈപ്പ് സ്ഥാപിച്ച പ്രവൃത്തിക്ക് തെറ്റായ നിരക്ക് അനുവദിച്ച് നൽകിയത് മൂലമാണ് അധികം തുക നൽകാൻ ഇടയായത്.

പ്രവൃത്തിയുടെ വിശദ വിവരങ്ങൾ താഴെ നൽകുന്നു.

<u>അധിക തുക നൽകിയതിന്റെ വിവരം താഴെ നൽകുന്നു.</u>

| ക്രമ നമ്പർ | പ്രവൃത്തി | ഇനം | ഭൗമോപരിതലത്തിലൂടെ സ്ഥാപിച്ച GI പൈപ്പിന്റെ നീളം | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|---|
| 1 | പ്രോജക്റ്റ് - (137/21)<br>ചെമ്പിക്കൽ കുടിവെള്ള പദ്ധതി<br>ഫണ്ട് - CFC (Tied)<br>ബിൽ നം. - 11 /29.3.21<br>തുക - 294782<br>M Book – 125/20-21,126/20-21<br>കരാർ-10/22.5.20 (Estimate Rate)<br>കരാറുകാരൻ ശ്രീ.ഒ. അബ്ദുൾ ഒഫൂർ<br>Cost Index-31.06% DAR<br>TS-320000 | 80 MmGI പൈപ്പ് സ്ഥാപിക്കൽ<br>(DAR 18.12.8) | 40 M | 30214.40<br>(40 Mx755.36/M) | 27255.60<br>(40 Mx681.39/M) | 2959 |
| | | 32 MmGI പൈപ്പ് സ്ഥാപിക്കൽ<br>(DAR 18.12.4) | 40 M | 12969.60<br>(40 Mx324.24/M) | 10010.8<br>(40 Mx250.27/M) | 2959 |
| | | | | | | 5918 |
| 2 | പ്രോജക്റ്റ് - (138/21)<br>അത്താണിക്കൽ കുടിവെള്ള പദ്ധതി<br>ഫണ്ട് - CFC (Tied)<br>ബിൽ നം. -10 /28.3.21<br>തുക - 262073<br>M Book – 206/20-21<br>കരാർ-10/22.5.20 (Estimate Rate)<br>കരാറുകാരൻ ശ്രീ.ഒ. അബ്ദുൾ ഒഫൂർ<br>Cost Index-31.06% DAR<br>TS-300000 | 80 MmGI പൈപ്പ് സ്ഥാപിക്കൽ<br>(DAR 18.12.8) | 25 M | 18884<br>(25 Mx755.36/M) | 17034.75<br>(25 Mx681.39/M) | 1849 |
| | | 65 MmGI പൈപ്പ് സ്ഥാപിക്കൽ<br>(DAR 18.12.7) | 28 M | 16576<br>(28 Mx592/M) | 14505<br>(28 Mx518.05/M) | 2071 |
| | | 32 MmGI പൈപ്പ് സ്ഥാപിക്കൽ<br>(DAR 18.12.4) | 43 M | 13942.32<br>(43 Mx324.24/M) | 10761.61<br>(43 Mx250.27/M) | 3181 |
| | | | | | | 7101 |
| 3 | പ്രോജക്റ്റ് - (366/21)<br>പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-പകരനെല്ലൂർ മാറാട്.<br>ഫണ്ട് - CFC (Tied)<br>ബിൽ നം. -7 /17.3.21<br>തുക - 440518<br>M Book – 85/20-21 | 65 MmGI പൈപ്പ് സ്ഥാപിക്കൽ<br>DAR 18.12.7 | 146.5 M | 86728<br>(146.5 Mx592/M) | 75894.32<br>(146.5 Mx518.05/M) | 9761<br>(10834-9.9%) |

| | | | | | | |
|---|---|---|---|---|---|---|
| | കരാർ-100/1.10.20 (Tender Below 9.9%)<br>കരാറുകാരൻ ശ്രീ.TV.ഷാജേഷ്<br>Cost Index-31.06% DAR<br>TS-490000 | | | | | |
| ആകെ | | | | | | 22780 |

GI പൈപ്പ് ട്രഞ്ചിംഗ് & റിഫില്ലിംഗ് നടത്താതെ ഭൗമോപരിതലത്തിലൂടെ സ്ഥാപിക്കുന്നതിന് നൽകാവുന്ന നിരക്ക് ഡാറ്റ താഴെ നൽകുന്നു.

1) 80 Mm Dia Nominal Bore (Details For 10 Meter)

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| 1552 | Gl Pipe 80 Mm Dia<br>1.02x86.40 = 88.128 Kg<br>= 0.088128 Tonne | Meter | 10.2 | 400 | 4080 |
| 2271 | Carriage Of Gl Pipe Below 100 Mm Dia | Tonne | 0.08813 | 92.24 | 8.13 |
| 9999 | Sundries | LS | 13.52 | 1.73 | 23.39 |
| Labour | | | | | |
| 116 | Fitter(Grade I) | Day | 0.25 | 487 | 121.75 |
| 114 | Beldar | Day | 0.66 | 368 | 242.88 |
| Total | | | | | 4476.15 |
| Add Water Charge @1% | | | | | 44.76 |
| Total | | | | | 4520.91 |
| Add CPOH @15% | | | | | 678.14 |
| Cost Of 10 Meter | | | | | 5199.05 |
| Cost Per Meter | | | | | 519.905 |
| Say | | | | | 519.91 |
| Cost Index @ 31.06 % | | | | | 161.48 |
| Total With Cost Index | | | | | 681.39 |

2) 32 Mm Dia Nominal Bore ( Details For 10 Meter)

DAR 18.12.4

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details Of Cost For 10 Metre<br>MATERIAL: | | | | |
| 1548 | G.I. Pipes 32 Mm Dia<br>Weight For Carriage = Pipe Weight + 2% For Fittings =<br>1.02 X 31.70 = 32.334 Kg = 0.032334 Tonne | Metre | 10.2 | 145.00 | 1479.00 |
| 2271 | Carriage Of G.I. Pipes Below 100 Mm Dia | Tonne | 0.03233 | 92.24 | 2.98 |
| 9999 | Sundries-White Lead, Hemp, Oil Etc.<br>LABOUR: | L.S | 6.76 | 1.73 | 11.69 |
| 0116 | Fitter(Grade1) | Day | 0.12 | 487.00 | 58.44 |
| | | | | | |
| 0114 | Beldar | Day | 0.25 | 368.00 | 92.00 |

| | |
|---|---|
| TOTAL | 1644.11 |
| Add Water Charges @ 1% | 16.44 |
| TOTAL | 1660.55 |
| Add CPOH @ 15% | 249.08 |
| Cost Of 10.0 Metre | 1909.63 |
| Cost Per Metre | 190.96 |
| Say | 190.96 |
| Cost Index @ 31.06 % | 59.31 |
| Total With Cost Index | 250.27 |

3) 65 Mm Dia Nominal Bore

DAR 18.12.7

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details Of Cost For 10 Metre<br>MATERIAL: | | | | |
| 1551 | G.I. Pipes 65 Mm Dia<br>Weight For Carriage = Pipe Weight + 2% For Fittings =<br>1.02 X 66.30 = 67.626 Kg = 0.067626 Tonne | Metre | 10.2 | 295.00 | 3009.00 |
| 2271 | Carriage Of G.I. Pipes Below 100 Mm Dia | Tonne | 0.06763 | 92.24 | 6.24 |
| 9999 | Sundries-White Lead, Hemp, Oil Etc<br>LABOUR: | L.S | 13.52 | 1.73 | 23.39 |
| 0116 | Fitter(Grade1) | Day | 0.25 | 487.00 | 121.75 |
| 0114 | Beldar<br>Trenching And Refilling Etc. | Day | 0.66 | 368.00 | 242.88 |
| 0114 | Beldar | Day | 0.66 | 368.00 | 242.88 |
| 0115 | Coolie | Day | 0.66 | 368.00 | 242.88 |

| | |
|---|---|
| TOTAL | 3403.26 |
| Add Water Charges @ 1% | 34.03 |
| TOTAL | 3437.29 |
| Add CPOH @ 15% | 515.59 |
| Cost Of 10.0 Metre | 3952.88 |
| Cost Per Metre | 395.28 |
| Say | 395.28 |
| Cost Index @ 31.06 % | 122.77 |
| Total With Cost Index | 518.05 |

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( AUDIT ENQUIRY No. 34 / 10.9.21) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിൽ അധികം നൽകിയ 22780രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത് അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-18 ചെമ്പിക്കൽ കുടിവെള്ള പദ്ധതി - കരാറുകാരന് അധിക തുക നൽകി - നഷ്ടം 2083 രൂപ

പ്രവൃത്തിയുടെ ഇനം 3 പ്രകാരം സെന്ററിംഗ് ഷട്ടറിംഗ് ചെയ്തതിന് DAR Code 5.9.3 പ്രകാരമുള്ള നിരക്ക് വച്ച് 3852.12 (6.96 M2@553.47/M2) രൂപ അനുവദിച്ചു. Suspended Floor, Roof, Beam,Etc ഉടങ്ങിയ ഇനങ്ങൾക്ക് ബാധകമായ നിരക്കാണ് DAR 5.9.3 പ്രകാരമുള്ളത്. ഈ പ്രവൃത്തിയിൽ ചെയ്തിട്ടുള്ളത് ഡ്രൈനേജിനുള്ള സ്ലാബിനുള്ള സെന്ററിംഗ് ഷട്ടറിംഗ് പ്രവൃത്തിയായതിനാൽ ഇതിന് അനുവദനീയമായത് DAR 5.9.1പ്രകാരമുള്ള നിരക്കാണ്. ഇത് പ്രകാരം അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

| പ്രവൃത്തി | പ്രവൃത്തിയുടെ അളവ് | നൽകിയ തുക @553.47/M$^2$ | നൽകാവുന്ന തുക @254.19/M$^2$ | അധികം |
|---|---|---|---|---|
| പ്രോജക്റ്റ് - (137/21)<br>ഫണ്ട് - CFC (Tied)<br>ബിൽ നം. - 11 /29.3.21<br>തുക - 294782<br>M Book – 125/20-21,126/20-21<br>കരാർ-10/22.5.20 (Estimate Rate)<br>കരാറുകാരൻ ശ്രീ.ഒ. അബ്ദുൾ ഒഫൂർ<br>Cost Index-31.06% DAR<br>TS-320000 | 6.96 M$^2$ | 3852.15 | 1769.16 | 2083 |

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 37 / 10.9.21 (2020-21)) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയിൽ അധികം നൽകിയ 2083രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-19 മരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ഏർപ്പെടുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വിഷമം സൃഷ്ടിക്കും.

2. കരാർ രജിസ്റ്ററിൽ കരാർ പ്രകാരം പൂർത്തീകരിക്കേണ്ടതായ തീയതി (Agreed Date Of Completion)രേഖപ്പെടുത്തുന്നില്ല.

3. പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

4. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 10 പ്രകാരം തുറന്ന ടെണ്ടറുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ അഭിപ്രായക്കുറിപ്പോടെ, ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തികളിൽ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

5. മിക്ക ടെണ്ടറുകളിലും കരാറുകാർ ടെണ്ടർ തുക അക്കത്തിൽ മാത്രമാണ് രേഖപ്പെടുത്തുന്നത്, അക്ഷരത്തിൽ രേഖപ്പെടുത്തുന്നില്ല.

6. കരാറുകാരന് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത രേഖ (Acknowledgement) മിക്ക പ്രവൃത്തികളുടെ ഫയലുകളിലും ചേർത്ത് വയ്ക്കുന്നില്ല. വച്ചവയിൽ തന്നെ തിയതി, കരാറുകാരന്റെ ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

7. മിക്ക പ്രവൃത്തികളിലും TS സ്ലിപ്പ് , എസ്റ്റിമേറ്റ് റിപ്പോർട്ട്, സെലക്ഷൻ നോട്ടീസ് എന്നിവ ഫയലുകളിൽ ചേർത്ത് വയ്ക്കുന്നില്ല.

8. മരാമത്ത് പ്രവൃത്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ സൈറ്റ് ബോർഡ് പ്രവൃത്തി സ്ഥലങ്ങളിൽ വയ്ക്കുന്നില്ല.

എസ്റ്റിമേറ്റുകളിൽ സൈറ്റ് ബോർഡിന് പ്രൊവിഷൻ വച്ചിട്ടില്ല.

9. വർക്ക് ഓർഡറിൽ സെലക്ഷൻ നോട്ടീസ് നമ്പർ, കരാർ നമ്പർ, പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-20 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

2020-21 വർഷത്തിൽ പഞ്ചായത്തിൽ ഏതാനും പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത കരാറുകാരെ പ്രവൃത്തി ഏൽപിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നതായി കാണുന്നില്ല.. GO(MS)3186/2017/LSGD തി. 2.10.17 ഉത്തരവ് പ്രകാരം E-Tender ആവശ്യത്തിനായി SBI യിൽ അക്കൗണ്ട് തുടങ്ങാൻ നിർദേശിച്ചിട്ടുണ്ട്. മേൽ നിർദേശം പാലിക്കുകയോ, ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ നാളിതുവരെ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വർഷം തിരിച്ച വിവരം കണക്കാക്കി അത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 38 / 10.9.21 (2020-21)) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ തൻവർഷത്തിൽ ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിൽ ലഭ്യമാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-21 പൊതു മരാമത്ത് പ്രവൃത്തികൾ- അവലോകനം

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല

2020-21 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 257 പ്രൊജക്ടുകളാണ് (സ്പിൽ ഓവർ ഉൾപ്പെടെ) തയ്യാറാക്കിയത്. ഇതിൽ 184 പ്രൊജക്ടുകളിലായി ആകെ 3,90,04,574 രൂപയാണ് ചെലവഴിക്കാനായത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 257 | ആകെ അടങ്കൽ | 6,25,67,414 |
| നടപ്പിലാക്കിയത് | 184 | ചെലവ് | 3,90,04,574 |
| ശതമാനം | 71.59 | ചെലവ് ശതമാനം | 62.34 |

മേൽ പദ്ധതികളിൽ 144 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളാണ്. ഇതിൽ കൂടുതലും പ്രവൃത്തി പൂർത്തിയായി ക്യൂ ബില്ലിൽ കിടന്നവയാണ്. സ്പിൽ ഓവർ പ്രവൃത്തികളിൽ 16 പ്രവൃത്തികൾ ഈ വർഷത്തിലും നിർവഹിക്കാൻ സാധിച്ചിട്ടില്ല. ഒരു അസിസ്റ്റന്റ് എഞ്ചിനിയർ , രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ വളരെയധികം പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ കൂടുതലായി പ്രൊജക്ടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

II.റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല.

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണെങ്കിലും ആയത് തയ്യാറാക്കിയിട്ടില്ല. കൂടാതെ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തി ചെയ്തത് എന്ന് ഉറപ്പു വരുത്തുന്നതിനുള്ള രേഖകളൊന്നും (ആസ്തി കൈമാറിയ രേഖ/ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം) പ്രൊജക്ടിൽ സൂക്ഷിച്ചിട്ടില്ല.

പ്രവൃത്തി നടത്തുന്നത് പഞ്ചായത്തിന്റെ ആസ്തിയിൽത്തന്നെയാണോ എന്നത് ഉറപ്പു വരുത്തുന്നതിനാവശ്യമായ രേഖകളും കണക്ടിവിറ്റി മാപ്പും തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

111)രജിസ്റ്ററുകളുടെ പരിപാലനം

എം ബുക്ക് രജിസ്റ്റർ, കരാറുകാരുടെ രജിസ്ട്രേഷൻ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

മേൽ പരാമർശങ്ങളിൽ ഉൾപ്പെട്ട അപാകതകൾ പരിഹരിച്ച് ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-22 സമഗ്ര നെൽകൃഷി വികസനം - പദ്ധതി അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം., പേര് | SO 180/21 സമഗ്ര നെൽകൃഷി വികസനം |
| അടങ്കൽ:3713680 | 1965180 (വികസന ഫണ്ട്)<br>548500 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>1200000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ്:2491405 | 1. 1965180 (വികസന ഫണ്ട്)<br>2. 526225(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>3. 738685 (നെൽവിത്ത് വിതരണം)<br>ബിൽ നം.140/10.10.20-536995<br>ബിൽ നം.156/9.11.20- 201690 |

മേൽ പദ്ധതിയുടെ ഭാഗമായി താഴെ കാണും പ്രകാരമുള്ള തുക കൂലി ചെലവ് സബ്സിഡി ആയി ഗുണഭോക്താക്കൾക്ക് നല്കിയിട്ടുണ്ട്.

| ക്രമ നം. | ബിൽ നം./തിയതി | തുക | ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|---|---|
| 1. | 2015085203720011283339/20-21 തി 23.2.21 | 493402 | 99 | |
| 2. | 2015085203720011283341/20-21തി 23.2.21 | 498162 | 113 | |
| 3. | 2015085203720011283343/20-21തി 23.2.21 | 234931 | 62 | |
| 4. | 285/20-21 തി.25.2.21(സാംഖ്യ ബിൽ) | 526225 | | 274 പേർക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| | ആകെ | 1752720 | 274 | |

എന്നാൽ കൂലി ചെലവ് സബ്സിഡി നല്കാൻ ആധാരമാക്കിയ മാനദണ്ഡം ഫയലുകളിൽ നിന്നും വ്യക്തമല്ല. എത്ര സ്ഥലത്താണ് കൃഷി ചെയ്തത് എന്ന കാര്യം ഫീൽഡ് വിസിറ്റ് നടത്തി റിപ്പോർട്ട് ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല . ആയതിനാൽ സർക്കാർ ഉത്തരവ് പ്രകാരം ഉള്ള സബ്സിഡി പരിധി പാലിച്ചോ എന്നത് വ്യക്തമല്ല. പദ്ധതിയുടെ മോണിറ്ററിംഗും, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രവും തയ്യാറാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ടുകളുടെ പൂർത്തീകരണ പത്രം തയ്യാറാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്യേണ്ടതുമാണ്. എന്നാൽ കൃഷി വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ വിലയിരുത്തൽ കാര്യക്ഷമമായ രീതിയിൽ നടത്തിയിട്ടില്ല എന്ന് വ്യക്തമാകുന്നു. സ.ഉ (കൈ)നം.11/2018/ തസ്വഭവ/29.01.2018 പ്രകാരം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതായിരുന്നു.

അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.09/06.09.2021(2020-21) ന

ഗുണഭോക്താക്കൾ അപേക്ഷയോടൊപ്പം സമർപ്പിച്ച കരം അടച്ച രസീതി മാനദണ്ഡമാക്കി കൃഷി ഉദ്യോഗസ്ഥർ ഫീൽഡ് പരിശോധന നടത്തി സമർപ്പിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം ആണ് കൃഷി ഓഫീസർ സബ്സിഡിക്ക് ശുപാർശ ചെയ്യതെന്നും ,ജനകീയാസൂത്രണം അപേക്ഷയിൽ ഫീൽഡ് പരിശോധന നടത്തി ശുപാർശ ചെയ്യുന്നതിനുള്ള കോളം ഇല്ലാതിരുന്നതിനാലാണ് സാക്ഷ്യപ്പെടുത്താൻ സാധിക്കാതിരുന്നതെന്നും നിർവഹണോദ്യോഗസ്ഥ മറുപടി നല്കുകയുണ്ടായി.കൂടാതെ 250 ഹെക്ടർ നെൽകൃഷിയാണ് കുറ്റിപ്പുറം കൃഷിഭവന് കീഴിലുള്ളത്. ഇതിൽ 175 ഹെക്ടറിനാണ് കൂലി ചിലവ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ഒരു ഹെക്ടറിന് മാർഗരേഖ പ്രകാരം 17000 രൂപയാണ് പരമാവധി സബ്സിഡി. എന്നാൽ ഹെക്ടറിന് ബ്ലോക്ക് വിഹിതം അടക്കം 10000 രൂപ മാത്രമാണ് ഫണ്ടിന്റെ അപര്യാപ്തത കാരണം സബ്സിഡിയായി നൽകിയിട്ടുള്ളൂ. ആയതിനാൽ സർക്കാർ ഉത്തരവിലെ സബ്സിഡി പരിധി ലംഘിച്ചിട്ടില്ലെന്നും വിശദീകരിക്കപ്പെട്ടു.

എല്ലാ ഗുണഭോക്താക്കളും കരമടച്ച മുഴുവൻ ഭൂമിയിലും കൃഷി ചെയ്യു എന്നുറപ്പാക്കാനാവാത്ത സാഹചര്യത്തിൽ , കൃഷി ചെയ്യ ഏരിയക്ക് ആനുപാതികമായ സബ്സിഡി നിർണയിക്കുന്നതിനു ആധാരമാക്കേണ്ട സുപ്രധാന രേഖയായ ഫീൽഡ് പരിശോധന റിപ്പോർട്ട് അഡീഷണൽ ഷീറ്റിൽ തയാറാക്കാമെന്നിരിക്കെ അപേക്ഷാഫോമിൽ ഫീൽഡ് പരിശോധന റിപ്പോർട്ട് രേഖപ്പെടുത്താൻ സ്ഥലമില്ലെന്ന മറുപടി നിലനിൽക്കുന്നതല്ല. അപാകത ആവർത്തിക്കാതെ സൂക്ഷിക്കേണ്ടതും ഇക്കാര്യത്തിൽ ഭരണ സമിതിയുടെ അഭിപ്രായം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-23 വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതു്

2020-21 സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പ്പറയുന്ന പദ്ധതികളുടെ

വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| ക്രമ നം | പദ്ധതി | തുക | ബിൽ നം./ തിയ്യതി |
|---|---|---|---|
| 1 | പൈങ്കണ്ണൂർ പാടശേഖരത്തിലേക്ക് 3 ഫേസ് വൈദ്യുതി ലൈൻ വലിക്കുന്നതിന് KSEB യിൽ തുക അടവാക്കൽ | 223088 (വികസന ഫണ്ട്) | 2/20.4.20 |
| 2 | ചെങ്ങണക്കടവ് റെയിൽവെ ലൈൻ റോഡിലെ വൈദ്യുതി ലൈൻ മാറ്റിസ്ഥാപിക്കുന്നതിന് KSEB യിൽ തുക അടവാക്കൽ | 27963 (വികസന ഫണ്ട്) | 3/23.4.20 |
| 3 | ചെങ്കുന്ന് SC കോളനിയിലെ വൈദ്യുതി ലൈൻ മാറ്റിസ്ഥാപിക്കുന്നതിന് KSEB യിൽ തുക അടവാക്കൽ | 28083 (വികസന ഫണ്ട് SCP) | 10/28.7.20 |
| | ആകെ | 279134 | |

വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.29/109.21

ഓഡിറ്റ് എൻക്വയറി നം.29/109.21ന് മറുപടി ലഭ്യമാക്കിയില്ല.ചെലവ് തുക 279134 തടസ്സം ചെയ്യുന്നു.

## 1-24 കുടിവെള്ള വിതരണം തുക നൽകിയത് ആദായ നികുതി ഈടാക്കിയില്ല.

ചെറുകുന്ന് SC കോളനിയിൽ 1.3.20 മുതൽ 20.4.20 വരെ കുടിവെള്ള വിതരണം ചെയ്തതിന് ശ്രീ ടി.പി സക്കീർ എന്നയാൾക്ക് 139500 രൂപ യും(വൗച്ചർ നം.22000067/27.4.20,ചെക്ക് നം.011374/27.4.20) 79500 രൂപ (വൗച്ചർ നം.22000108/11.5.20 ചെക്ക് നം.011394/8.5.20)എന്നാൽ കരാറുകാരിൽ നിന്നും ഇൻകം ടാക്സ് നിയമം വകുപ്പ് 194 C പ്രകാരം 1% നികുതി

ഈടാക്കേണ്ടതാണെന്നിരിക്കെ ആയത് ഈടാക്കിയിട്ടില്ല.ഇൻകം ടാക്സ് ഈടാക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.28/10.9.21ന് മറുപടി ലഭ്യമാക്കിയില്ല.ആദായ നികുതി ഈടാക്കി വിവരം

അറിയിക്കേണ്ടതാണ്.

## 1-25 ഭിന്നശേഷിക്കാർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ:പദ്ധതി അപാകത

പ്രൊജക്റ്റ് :ഭിന്നശേഷിക്കാർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ

പ്രൊജക്റ്റ് നമ്പർ:166/21 (സ്പിൽ ഓവർ)

